<u>സാമൂഹ്യനീതി ഡയറക്ടറുടെ നടപടി ക്രമങ്ങൾ</u>

(ഹാജർ:എം.അഞ്ജന.ഐ.എ.എസ്)

ഉത്തരവ് നം. SJD/1967/2021-E1

തിരുവനന്തപുരം,
തീയതി. 29-08-2022

---

വിഷയം: സാമൂഹ്യനീതി വകുപ്പ്- ജീവനക്കാര്യം- ശ്രീ.അജിത്ത് കുമാർ.ടി സൂപ്രണ്ട് വെൽഫെയർ ഇൻസ്റ്റിട്യൂഷൻ ഗ്രേഡ് II-വിന് സ്ഥലംമാറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം : ശ്രീ.അജിത്ത് കുമാർ.ടി-യുടെ 11/7/2022-ലെ അപേക്ഷ

സാമൂഹ്യനീതി വകുപ്പിൽ ആലപ്പുഴ ജില്ലയിലെ മായിത്തറ ഗവ.വൃദ്ധ വികലാംഗ സദനത്തിൽ സൂപ്രണ്ട് വെൽഫെയർ ഇൻസ്റ്റിട്യൂഷൻ ഗ്രേഡ് II തസ്തികയിൽ സേവനമനുഷ്ടിച്ച് വരുന്ന ശ്രീ.അജിത്ത് കുമാർ.ടി സ്ഥലംമാറ്റത്തിനായി പരാമർശം പ്രകാരം അപേക്ഷ സമർപ്പിക്കുകയുണ്ടായി. തിരുവനന്തപുരം ഗവ.ആശാഭവൻ (മെൻ)-ലെ സൂപ്രണ്ട് വെൽഫെയർ ഇൻസ്റ്റിട്യൂഷൻ ഗ്രേഡ് II ശ്രീമതി.സുമാദേവി.വിഷ്ണു ഉദ്യോഗക്കയറ്റം ലഭ്യമായത് മുഖേന തിരുവനന്തപുരം ഗവ.ആശാഭവൻ (മെൻ)-ൽ ഒരു ഒഴിവ് നിലവിൽ വന്നിട്ടുണ്ട്.

ഈ സാഹചര്യത്തിൽ, ജീവനക്കാരന്റെ അപേക്ഷ പരിഗണിച്ച് ശ്രീ.അജിത്ത് കുമാർ.ടി-യ്ക്ക് തിരുവനന്തപുരം ഗവ. ആശാഭവൻ (മെൻ)-ലേയ്ക്ക് സ്ഥലംമാറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. ജീവനക്കാരന് നിയമാനുസൃത യാത്രബത്തയ്ക്കും യഥാർത്ഥ യാത്രാ സമയത്തിനും മാത്രം അർഹതയുണ്ടായിരിക്കുന്നതാണ്.

മായിത്തറ ഗവ.വൃദ്ധ വികലാംഗ സദനം സൂപ്രണ്ട് വെൽഫെയർ ഇൻസ്റ്റിട്യൂഷൻ ഗ്രേഡ് II തസ്തികയുടെ പൂർണ്ണ അധിക ചുമതല ആലപ്പുഴ ഗവ.ബാല വികലാംഗ സദനം സൂപ്രണ്ടായ ശ്രീമതി.സിന്ധു.എ.എസ്-ന് അധികമായി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. ജീവനക്കാരനെ നിയന്ത്രണാധികാരിയായ ആലപ്പുഴ ജില്ല സാമൂഹ്യനീതി ഓഫീസർ വിടുതൽ ചെയ്യേണ്ടതും വിവരം രേഖാമൂലം ഈ കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

**എം.അഞ്ജന.ഐ.എ.എസ്**
**സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ**

ബന്ധപ്പെട്ട ജീവനക്കാർക്ക്,

<u>പകർപ്പ് :</u>

1. ജില്ല സാമൂഹ്യനീതി ഓഫീസർ ആലപ്പുഴ/തിരുവനന്തപുരം
2. സൂപ്രണ്ട്, എഫ് സെക്ഷൻ (വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
3. സ്റ്റോക്ക് ഫയൽ/സ്പെയർ

ഉത്തരവിൻ പ്രകാരം
Hari Prasad PS
സൂപ്രണ്ട്